കുഞ്ഞാട്ടിൻ തിരുരക്തത്താൽ ഞാൻ

ശുദ്ധനായ്ത്തീർന്നു

തൻചങ്കിലെ ശുദ്ധരക്തത്താൽ ഞാൻ ജയം പാടീടും –2

മഹത്വം രക്ഷകാ സ്തുതി നിനക്കെന്നും

ചേറ്റിൽനിന്നെന്നെ നീ വീണ്ടെടുത്തതിനാൽ

സ്തുതിയ്ക്കും നിന്നെ ഞാൻ ആയുസ്സിൻ നാളെല്ലാം

നന്ദിയോടടി വണങ്ങും

ആർപ്പോട്ടു നിന്നെ ഘോഷിക്കും ഈ

സീയോൻ യാത്രയിൽ

മുമ്പോട്ടുതന്നെ ഓടുന്നു എൻ വിരുതിനായി

ലഭിക്കും നിശ്ചയം എൻ വിരുതെനിക്കു

ശത്രുക്കൾ ആരുമേ കൊണ്ടുപോകയില്ല

പ്രാപിക്കും അന്നു ഞാൻ രാജൻ കൈയിൽ നിന്നും

ദൂതൻമാരുടെ മദ്ധ്യത്തിൽ

എൻ ഭാഗ്യകാലം ഓർക്കുമ്പോൾ എന്നുള്ളം തുള്ളുന്നു

ഈ ലോകസുഖം തള്ളി ഞാൻ ആ ഭാഗ്യം കണ്ടപ്പോൾ

നിത്യമാം രാജ്യത്തിൽ അന്നു ഞാൻ പാടീടും

രാജൻ മുഖം കണ്ടു എന്നും ഞാൻ ഘോഷിക്കും

രക്തത്തിൽ ഫലമായ് വാഴുമേ സ്വർഗ്ഗത്തിൽ

കോടി കോടി യുഗങ്ങളായി

മനോഹരമാം സീയോനിൽ ഞാൻ വേഗം ചേർന്നീടും

എൻക്ലേശമാകെ നീങ്ങിപ്പോം അവിടെയെത്തുമ്പോൾ

നിത്യമാം സന്തോഷം പ്രാപിക്കും അന്നു ഞാൻ

എൻ ശത്രുവിന്നതു എടുപ്പാൻ പാടില്ല

ആനന്ദം കൂടീടും, സാനന്ദം പാടീടും

ശ്രീയേശുരാജൻ മുമ്പാകെ

കുഞ്ഞാട്ടിൻ..........

---

kunjnjaattin thirurakthaththaal njaan suddhanaayththeernnu

thanchangkile suddharakthaththaal njaan jayam paateetum -2

mahathvam rakshakaa sthuthi ninakkennum

chetilninnenne nee veentetuththathinaal

sthuthiykkum ninne njaan aayussin naalellaam

nandiyotati vanangngum

aarppotu ninne ghoshikkum ee seeyon yaathrayil

mumpottuthanne otunnu en viruthinaayi

labhikkum nischayam en viruthenikku

sathrukkal aarume kontupokayilla

praapikkum annu njaan raajan kaiyil ninnum

doothanmaarute maddhyaththil

en bhaagyakaalam orkkumpol ennullam thullunnu

ee lokasukham thalli njaan aa bhaagyam kantappol

nithyamaam raajyaththil annu njaan paateetum

raajan mukham kantu ennum njaan ghoshikkum

rakthaththil phalamaay vaazhume svarggaththil

koti koti yugangngalaayi

manoharamaam seeyonil njaan vegam chernneetum

enklesamaake neengngippom aviteyeththumpol

nithyamaam santhosham praapikkum annu njaan

en sathruvinnathu etuppaan paatilla

aanandam kooteetum, saanandam paateetum

sreeyesuraajan mumpaake

kunjnjaattin……….